## എസ്. എൻ. ഡി. പി. എ. യു. പി സ്കൂൾ
## കടുമേനി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

**സ്കൂൾ കോഡ് :12434**

## ചിറ്റാരിക്കാൽ ഉപജില്ല
## കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ല

E-mail: sndpaupskadumeni@gmail.com

# ഉള്ളടക്കം....

1.ആമുഖം

2.ലക്ഷ്യങ്ങൾ

3.പ്രതിസന്ധികളും പരിമിതികളും

4.വിദ്യാർഥികളും ജീവനക്കാരും

5.പ്രവർത്തന പദ്ധതികൾ

6.ഉപസംഹാരം

# ആമുഖം....

1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപംകൊണ്ടു. ജനാധിപത്യ സർക്കാർ ജനതകളുടെ ഇല്ലായ്മകൾ പരിഹരിക്കുവാൻ ശ്രമിച്ച 1962 മുതൽ മന്ത്രിയായി പ്രവർത്തിച്ചിരുന്ന മഹാനായ ശ്രീ ആർ ശങ്കറിന്റെ കാലത്ത് കട്ടമേനിയിൽ 22 കുടുംബങ്ങൾ ഒന്നായി ചേർന്ന് രൂപീകരിച്ച കട്ടമേനി എസ്എൻഡിപി ശാഖയുടെ പ്രസിഡന്റ് ശ്രീ സി എസ് പ്രഭാകരൻ സ്കൂളിന് അപേക്ഷിക്കുകയും എസ്എൻഡിപിഐ യുപി സ്കൂൾ കട്ടമേനി എന്ന പേരിൽ സ്കൂൾ അനുവദിച്ച കിട്ടുകയും ചെയ്തു.

സ്കൂളിന് ആവശ്യമായ സ്ഥലം കോട്ടയിൽ വീട്ടിൽ ദാമോദരൻ നമ്പ്യാർ നൽകുകയുണ്ടായി 1964 ൽ ആരംഭിച്ച സ്കൂളിൽ തുടക്കത്തിൽ 147 കുട്ടികൾ ചേർന്നിരുന്നതായി പ്രഥമ അധ്യാപകൻ ശ്രീ എം പ്രഭാകരൻ മാസ്റ്റർ രേഖപ്പെടുത്തിയിട്ടുണ്ട്. 1982ൽ യുപി സ്കൂൾ ആയി ഉയർത്തപ്പെട്ട ഈ വിദ്യാലയം ഇന്ന് ചിറ്റാരിക്കാൽ ഉപജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി നിലകൊള്ളുന്നു

നവ കേരള മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ സമഗ്രഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത അക്കാദമിക മാസ്റ്റർ പ്ലാൻ ഓരോ വർഷവും തയ്യാറാക്കുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഓരോ അധ്യാപകരും അവർ പഠിപ്പിക്കുന്ന വിഷയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഓരോ കുട്ടികളുടെയും കഴിവിനനുസരിച്ച് പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു എല്ലാ പൊതുവിദ്യാലയങ്ങളും സമഗ്ര ഗുണമേന്മ കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു..

# എസ്.എൻ .ഡി.പി.എ യു പി സ്കൂൾ കടുമേനി 2025-26 ക്ലാസും ,വിദ്യാർഥികളും ജീവനക്കാരും

| ക്ലാസ്സ് | ഡിവിഷൻ | ആൺ കട്ടികൾ | പെൺകട്ടികൾ | ആകെ |
|---|---|---|---|---|
| പ്രീ-പ്രൈമറി | 2 | 29 | 27 | 56 |
| 1 | 2 | 12 | 25 | 37 |
| 2 | 2 | 19 | 16 | 35 |
| 3 | 2 | 19 | 17 | 36 |
| 4 | 2 | 20 | 13 | 33 |
| 5 | 2 | 17 | 19 | 36 |
| 6 | 2 | 22 | 26 | 48 |
| 7 | 2 | 21 | 25 | 46 |
| TOTAL | | 149 | 162 | 311 |

| ജീവനക്കാർ | |
|---|---|
| സ്കൂൾ | 19 |
| പ്രീ-പ്രൈമറി | 3 |
| ഉച്ചഭക്ഷണ പദ്ധതി | 2 |
| സ്കൂൾ ബസ് | 2 |

# ലക്ഷ്യങ്ങൾ......

1.മുഴുവൻ കുട്ടികളിലും വായനാശീലം ഉറപ്പുവരുത്തുക.

2.കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കൽ.

3.ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുക.

4.മുഴുവൻ കുട്ടികളെയും അവരവർ പഠിക്കുന്ന ക്ലാസ് നിലവാരത്തിലുള്ള ശേഷി നേടിയെന്ന് ഉറപ്പുവരുത്തൽ.

5.വിദ്യാലയത്തിന്റെ മുഴുവൻ കുട്ടികളുടെയും ഹാജർ നിലവാരം ഉറപ്പുവരുത്തുക.

6.സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവ വികസിപ്പിക്കുക.

7.ഹരിത വിദ്യാലയം ലക്ഷ്യം കൈവരിക്കൽ.

8.വ്യക്തി പരിസര ശുചിത്വ പ്രവർത്തനങ്ങൾ പൂർണ്ണരൂപത്തിൽ നടപ്പിലാക്കൽ

9.ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാൻ ഐടി, ലാബ് (ശാസ്ത്ര, ഗണിത ശാസ്ത്ര, സാമൂഹ്യശാസ്ത്ര,) എന്നിവയുടെ വികസനലക്ഷ്യം ഉറപ്പുവരുത്തൽ.

10.മുഴുവൻ കുട്ടികളും അവരവർ പഠിക്കുന്ന ക്ലാസ് നിലവാരത്തിലുള്ള പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തൽ.

11 ദിനാചരണങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കൽ.

12 കലാകായിക തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

പ്രവർത്തന പദ്ധതികൾ

വായനയാകട്ടെ ലഹരി

വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം മൊബൈൽ ഫോൺ ഉപയോഗം എന്നിവയിൽ നിന്ന് രക്ഷ നേടണമെങ്കിൽ കുട്ടികൾ വായനാശീലം വർദ്ധിപ്പിച്ചേ മതിയാകു.

വായനയാവട്ടെ കുട്ടികളുടെ ലഹരി. അതിനായി ഒന്നു മുതൽ ഏഴാം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള അധിക വായന പ്രവർത്തനങ്ങളാണ് " വായനയാകട്ടെ ലഹരി' എന്ന് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനും അതുപോലെ സർഗാത്മക രചനകൾ നടത്തുന്നതിനും ആവശ്യമായ അധിക പഠന പ്രവർത്തനങ്ങളാണ് ഈ വർഷം ഞങ്ങൾ ഏറ്റെടുത്ത് നടത്തുന്നത് .

വായന പ്രവർത്തനങ്ങൾ

1 ലൈബ്രറി പുസ്തക വായന

2 പുസ്തക ചർച്ച

3 ആസ്വാദനക്കുറിപ്പ് വായനാക്കുറിപ്പ്

4 ഡയറി എഴുത്ത്

പ്രവർത്തന ഘട്ടങ്ങൾ

കുട്ടികൾക്ക് ജൂൺ ആദ്യവാരത്തിൽ തന്നെ ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്നു കൂടാതെ മറ്റു പുസ്തകങ്ങളും ലഭ്യമാക്കുന്നു.

ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ വായിച്ച പുസ്തകങ്ങളെ കുറിച്ച് ചർച്ച നടത്തുന്നു വായിച്ചവയിൽ ഏറ്റവും ഇഷ്ടപ്പെട്ട ഭാഗം വയനാനുഭവങ്ങൾ എന്നിവ പങ്കുവെക്കുന്നു വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കുക അതുപോലെ ക്ലാസ് അധ്യാപികയും അവർ വായിച്ച പുസ്തകം പരിചയപ്പെടുത്തുന്നു . എല്ലാ കുട്ടികളും അവർക്ക് പറ്റുന്ന രീതിയിൽ പുസ്തകപരിചയം നടത്താൻ അവസരം നൽകുന്നു.

ഓരോ കുട്ടികളും വായിച്ച പുസ്തകം ചാർട്ടിൽ രേഖപ്പെടുത്തുന്നു.മാസത്തിൽ ഒരുതവണ എൽ പി യു പി കുട്ടികളെ പ്രത്യേകം പ്രത്യേകം ഉൾപ്പെടുത്തിക്കൊണ്ട് ആസ്വാദനക്കുറിപ്പ് മത്സരം നടത്തുന്നു .ഏറ്റവും മികച്ച ആസ്വാദനക്കുറിപ്പുകൾ തെരഞ്ഞെടുത്ത് ക്ലാസ് സ്ഥലത്തിലും സ്കൂൾതലത്തിലും സമ്മാനങ്ങൾ നൽകുന്നു. ഇവ ഉൾപ്പെടുത്തിക്കൊണ്ട്പതിപ്പ് തയ്യാറാക്കുന്നു.

സർഗാത്മകശേഷി വികസന പ്രവർത്തനങ്ങൾ

കഥാരചന കവിതാരചന ചിത്രരചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു ക്ലാസ് സ്ഥലത്തിനും സ്കൂൾതലത്തിലും.

മികച്ചവയ്ക്ക് സമ്മാനങ്ങൾ നൽകുന്നു. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കുന്നു. അതുപോലെ കയ്യെഴുത്ത് മാസികകൾ തയ്യാറാക്കുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നു. വായനക്കൂട്ടം എഴുത്തുകൂട്ടം ക്യാമ്പുകൾ നടത്തുന്നു.

പ്രാദേശികമായ സാഹിത്യകാരന്മാർ ചിത്രകാരന്മാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കുന്നു.

കുട്ടികളുടെ ശാരീരികവും മാനസികവും ആയ ഉല്ലാസത്തിന് വിവിധതരം കളികളിൽ ഏർപ്പെടുന്നതിന് അവസരം നൽകുന്നു. ഫുട്ബോൾ,, ക്രിക്കറ്റ്, ചെസ്സ്, മറ്റ് നാടൻ കളികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

ചെസ്സ് പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ലഹരിക്കെതിരെയുള്ള സംഗീതശില്പം, റോൾപ്ലേ എന്നിവയും സംഘടിപ്പിക്കുന്നു.

## വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

- സാമ്പത്തികമായ പിന്നോക്കാവസ്ഥ
- സാമൂഹ്യമായ പിന്നോക്കാവസ്ഥ
- [illegible]
- പഠന പിന്തുണ നൽകുവാൻ കഴിയാത്ത രക്ഷിതാക്കൾ, സ്കൂളിൽ നിന്നും ലഭിക്കുന്ന അറിവുകൾ പഠന കാലയളവിൽ തന്നെ ജീവിതത്തിൽ പ്രയോഗിക്കാൻ കഴിയുന്നില്ല.
- ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള അറിവില്ലായ്മ.
- വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിൽ കുറവ്.
- ജനാധിപത്യ,പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനുള്ള കുറവ്.

# പ്രവർത്തന കലണ്ടർ

ജൂൺ 9 --- ലൈബ്രറി പുസ്തക വിതരണം

ആസ്വാദനക്കുറിപ്പ് മത്സരം -- ജൂലൈ ആദ്യവാരം

കഥ കവിത ശിൽപ്പശാല -- സെപ്റ്റംബർ ആദ്യവാരം

ചിത്രരചന ക്യാമ്പ്-- ഒക്ടോബർ അവസാനവാരം

ചെസ്സ് പരിശീലന ക്ലാസ് -- നവംബർ ആദ്യവാരം കഥാരചന കവിതാരചന

ചിത്രരചന മത്സരങ്ങൾ--- ജനുവരി ആദ്യവാരം

കുട്ടികളുടെ രചനകളുടെ പ്രദർശനം ( മികവുത്സവം)--- ഫെബ്രുവരി അവസാനവാരം

# മലയാളം

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം, സാക്ഷരം) | പിന്നോക്കക്കാരായ കുട്ടികളെ കണ്ടെത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.<br><br>1.മലയാളത്തിളക്കം, സാക്ഷരം<br><br>2. അക്ഷരം ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, ചിത്രങ്ങളിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു.<br><br>* അക്ഷരകാർഡ്, വാക്കുകളെഴുതിയ കാർഡ്, അക്ഷരക്കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്യങ്ങൾ രൂപീകരിക്കൽ, ചിത്രം നോക്കി അടിക്കുറിപ്പ് പറയിപ്പിക്കൽ, അധ്യാപികയുടെ സഹായത്തോടെ എഴുതൽ<br><br>* കഥ ബാക്കി പറയൽ, എഴുത്തി, കഥാപുസ്തകങ്ങൾ നൽകുന്നു. പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു. | 2 മാസം<br><br>ജൂൺ<br><br>ജൂലൈ | PTA<br><br>MPTA<br><br>SSG | 5000/ |
| | | | | |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | * സി.ഡി പ്രദർശനം<br>ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തേയും കുറിച്ച് പറയാനും എഴുതാനും അവസരം നൽകുന്നു.<br>* ഭിന്നശേഷിക്കാരെ പരിഗണിക്കുക്കുന്നു. ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IEDC ധ്യാപകരുടെ സേവനം | | | |
| നല്ല വായന ലൈബ്രറി നവീകരണം | * നല്ല വായന-ലൈബ്രറി നവകരണം<br>കുട്ടിയെ മികച്ച വായനക്കാരാക്കുക.<br>* ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ.<br>ക്ലാസിലെ മുഴുവൻ കുട്ടികളേയും 5 പേരടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു.<br>എത്ര പുസ്തകം വായിക്കാം, വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ്, പുസ്തകം എങ്ങനെ തിരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) വായനക്കുറിപ്പ്, അസംബ്ലി, ബാലസഭ എന്നിവയിൽ അവതരപിപ്പിക്കൽ. | June<br>July | PTA<br>MPTA<br>SSG | |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * ക്ലാസ് ലൈബ്രറി നവീകരണം<br>കുട്ടികളുടെ സഹായത്തോടെ (എല്.പി, യു.പി) വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ, പിറന്നാളിനൊരു പുസ്തകം (ക്ലാസ് ലൈബ്രറിയിലേക്ക്).<br><br>* സ്കൂൾ ലൈബ്രറി നവീകരണം- പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക ക്രമീകരണം, രചനയുടെ വ്യത്യാസങ്ങൾക്കനുസരിച്ച്.<br><br>* സമീപ ഗ്രന്ഥശാല അംഗത്വം.<br>ഗ്രന്ഥശാലയിൽ അംഗത്വം പുസ്തക വിതരണം, വായന, എഴുത്ത്, പ്രോത്സാഹനം എഴുത്ത് പെട്ടി (വായനക്കുറിപ്പ് ശേഖരിക്കൽ) എന്റെ പുസ്തക പ്രകാശനം.<br><br>* പത്രവായന<br>പത്രവായന സ്കൂൾ തലത്തിലും ക്ലാസ് തലത്തിലും അമ്മ വായന.<br>വായനോത്സവം-<br>വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ,പുതിയ അറിവ് കണ്ടെത്തൽ, പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ ഒരു പത്രം തയ്യാറാക്കൽ. | | | |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | *അമ്മ വായന<br>സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം വായനാമുറി, വായനാക്കുറിപ്പ് തയ്യാറാക്കൽ, അമ്മ സാഹിത്യസമാജം.രൂപീകരിക്കുക.<br><br>* വായനോത്സവം<br>കുട്ടികളുടെ കൂട്ടായ്മ യോഗം സംഘടിപ്പിക്കൽ, പങ്കെടുത്ത എല്ലാവരും സ്വയം അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം.<br><br>* വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>വായന, എഴുത്ത് മെച്ചപ്പെടുത്താൻ വ്യത്യസ്ത പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പാഠഭാഗവുമായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ., സാഹിത്യകാരന്മാരെ കാണിക്കൽ.<br><br>* ബാലാസികകളും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും വായനയും ക്ലാസ് മുറിയിൽ അവയുടെ ലഭ്യതയും ഉറപ്പുവരുത്തുക.<br><br>* ഇ-വായന സാധ്യത കണ്ടെത്തൽ- വിക്കീപീഡിയ പരിചയപ്പെടുത്തൽ, ബ്ലോഗ് രൂപീകരണം. | | | |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * നല്ല വായന മോണിറ്ററിംഗ്- അധ്യാപകർ, കുട്ടി പ്രതിനിധി.<br><br>* നല്ല വായന മോണിറ്ററിംഗ്- അധ്യാപകൻ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, ബി.ആർ.സി. ഡയറ്റ് അധ്യാപകർ, പ്രാദേശിക സാഹിത്യകാരന്മാർ, അടുത്ത സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം | | | |
| എഴുത്തുകൂട്ടം | എഴുത്തുകൂട്ടം<br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക ഓരോ ക്ലാസിലേയും കുട്ടികളെ 5 വീതം കുട്ടികളടങ്ങുന്ന കൂട്ടങ്ങളാക്കി എഴുത്തുകൂട്ടങ്ങൾ രൂപീകരിക്കുന്നു.<br>വ്യക്തിഗത രചന- സംഘരചന എന്നിവ സംഘടിപ്പിക്കുന്നു.<br><br>* ഇൻലന്റ്, മാഗസിൻ, ചുമർ പത്രിക, പതിപ്പ്, സർഗ്ഗശേഷി പരിപോഷിപ്പിക്കൽ,, ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം, മോണിറ്ററിംഗ്. | | | |

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | * രചനാ മത്സരങ്ങൾ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കുട്ടികളുടെ സർഗ്ഗശേഷി വികസിപ്പിക്കൽ,, കഥാരചന, കവിതാരചന, കവിതാ അടിക്കുറിപ്പ്, നാടകരചന, ഉപന്യാസം, പ്രസംഗം തുടങ്ങി നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ.<br><br>*കൈയ്യെഴുത്ത്<br>മാസിക തയ്യാറാക്കൽ, പ്രദർശനം.<br>ഓരോ ക്ലാസിലും പാഠഭാഗവുമായി ബന്ധപ്പെട്ട മികച്ച രചനകൾ ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കൽ. | | | |
| ശില്പശാല<br>ചിത്രരചന<br>കഥാരചന<br>കവിതാ രചന<br>അഭിനയം<br>നാടൻപാട്ട്<br>നാട്ടറിവ് | ശില്പശാല<br>ചിത്രരചന, കഥാരചന, കവിതാരചന, അഭിനയം, നാടൻപാട്ട്, നാട്ടറിവ്, സമീപത്തുള്ള സാഹിത്യകാരന്മാർ, ചിത്രകാരന്മാർ, നാടൻകലാകാരന്മാർ എന്നിവരെ ഉൾപ്പെടുത്തി ശില്പശാലകൾ, സഹവാസ്യക്യാമ്പുകൾ, സെമിനാററുകൾ സംഘടിപ്പിക്കൽ.<br><br>* ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ.<br>BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗല്ഭരുടെ സേവനം. | | | |

# ENGLISH

## Aim

To Speak, Read & Write English without any mistakes.

## Time – June to March

**PRETEST**

To check the vocabulary and writing skills of pupils

## June and July

To develop listening skills & reading skills.

**Listening Skills**

- Games, Action songs Hello English activities
- Conversations
- Skit, Stories use ICT

**Speaking Skills**

- Identify the naming words from the picture.
- Identify the action words from the same pictures.
- Make simple sentences using the caution word and naming words about the picture
- Make simple description about the picture.
- Growing sentences. Picture reading, self introduction, assembly are also conducted.

**ACTIVITIES**

Speech, book review, quiz riddles, self introduction, school radio etc..

## August and September

Develop the creative speaking and writing

### Reading Skills

- News paper reading, library books reading, book review, reading breaking news.
- Find words

- Collect and read past tense
- Rhyming words
- Describing words
- Text book activities

**Writing Skills**

- Make word web
- Picture description with describing words
- Word chain sentence chain
- Make words and sentences
- Make riddles, conversations
- Add more lines

**ACTIVITIES**

Speech, book review, quiz, riddles self introduction, school radio, make description, Magazines.

## October and November

To express thoughts feelings etc..

**Reading Skills**

- News paper reading, library books reading, book review reading.
- Conversations, skit stories use ICT materials.
- Reads breaking news
- Develop story
- Read notice.

**Writing Skills**

- Description
- Notice proclamation
- Thought

## ACTIVITIES

Speech

Quiz riddles

School radio

Makes magazines

Skits

## December and January

- Develop the creative speaking and writing
- To express thoughts feelings etc.

### Readings Skills

- News paper reading, library books reading, book review, reading
- Conversation, skit stories use ICT materials
- Reads breaking news
- Develop story
- Reads letters from friends.

### Writing Skills

- Diary
- Letter
- Announcement

### ACTIVITIES

Speech, quiz riddles, school radio, makes magazines, skits, classroom, post office etc.

## February and March

To improve the presentation power

### Reading Skills

- News paper reading, library books reading, book review, reading
- Conversation, skit stories use ICT materials
- Reads breaking news
- Develop story
- Reads diary
- Reads letters from friends

## Writing Skills

- Diary
- Letter
- Announcement
- Description
- Notice proclamation
- Thought

## ACTIVITIES

Speech

Quiz riddles

School radio

Makes magazines

Skits

Classroom post office

Exibition

## MATHEMATICS

### പ്രധാന ലക്ഷ്യങ്ങൾ

- ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കിത്തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിത വിജയം, ഉല്ലാസഗണിതം നടപ്പാക്കുക.
- ഗണിതപഠനം ലളിതവും രസകരവുമാക്കുക
- വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക.
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ലളിതമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
- രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പ് വരുത്തുന്നു.
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- സംഖ്യാ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു, ഗുണന പട്ടികയുടെ ഉപയോഗം തിരിച്ചറിയുന്നു.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- പ്രശ്നപരിഹാരം, പ്രയോഗിക പ്രശ്നപരിഹാരത്തിന് മുൻഗണന.
- ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ സഹായകമാകുന്നുവെന്ന് കുട്ടികൾ തിരിച്ചറിയുന്നു.
- വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുന്നു.
- ഗണിതപഠനം ലളിതമാണെന്ന് തിരിച്ചറിഞ്ഞ് അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.
- കൃത്യതയോടും സൂക്ഷമതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രധാന്യം മനസ്സിലാക്കുന്നതിനും പര്യാപതമാകുന്നു.
- ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു.
- കുട്ടികളിൽ സ്വന്തമായി വർക്ക്ഷീറ്റുകൾ നിർമിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

സംഖ്യാകാർഡുകൾ, ആവർത്തനവായന, എഴുത്ത് അബാക്കസ്, ചിത്രസഹായത്തോടെയുള്ള പഠനം.

പേപ്പർ കട്ടിംഗ്സ്, സംഖ്യാകാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം, പത്തിന്റെ കൂട്ടങ്ങളാക്കൽ കല്ല് ഈർക്കിലി, വളപ്പൊട്ട്, മഞ്ചാടി etc. ഗ്രൂപ്പുകൾ കൂടി ചേർന്ന് സങ്കലനം, കുസൃതി കണക്കുകൾ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം.

### പ്രവർത്തന പദ്ധതികൾ

ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നുചെല്ലാൻ പഠനോപകരണങ്ങൾക്ക് ഏറെ സാധ്യയുള്ളതിനാൽ രക്ഷിതാക്കൾ, കുട്ടികൾ, BRC etc.. തുടങ്ങിയവരുടെ സഹകരണത്തോടെ ഗണിതലാബ് ഒരുക്കി ഗണിതപഠനം എളുപ്പമാക്കുന്നു.

സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. പ്രായോഗിക പ്രശ്ന പരിഹരണം എന്നിങ്ങനെയുള്ള പഠന നേട്ടങ്ങൾ ലക്ഷ്യമിട്ടുള്ള പ്രവർത്തനത്തിന് മുൻതൂക്കം നൽകുന്നു.

ഗണിതത്തോട് ഇഴുകിച്ചേരാൻ .മുത്തുകൾ, സ്മൈലി ബോളുകൾ, ബഹുവർണ ടോക്കണുകൾ, ചിത്രകാർഡുകൾ, സങ്കലന വ്യാഖ്യാന കാർഡുകൾ, ഗെയിം ബോർഡുകൾ, ഡൈസുകൾ തുടങ്ങിയ ഉപയോഗിച്ചിട്ടുള്ള പ്രവർത്തനങ്ങൾ.

സ്ഥാനവില പോക്കറ്റ് നിർമ്മാണം, ജ്യാമിതീയ രൂപങ്ങൾ പട്ടികപ്പെടുത്തൽ (നിത്യോപയോഗസാധനങ്ങൾ) വർക്ക്ഷീറ്റുകൾ നിർമാണം, (അധ്യാപിക, കുട്ടികൾ) സങ്കലന പട്ടിക പ്രദർശനം, വിലവിവര പട്ടിക പ്രദർശനം, കേക്ക്, പപ്പടം, ലഡു etc.. നൽകി തുല്യമായി പങ്കുവെയ്ക്കൽ, ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ.

മട്ടകോണിന്റെയും, മട്ടങ്ങളുടെയും ഉപയോഗം മനസ്സിലാക്കൽ, കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ പരിചയപ്പെടുത്തൽ, സംഖ്യാ ചാർട്ടുകൾ, ഡൈസ്, സംഖ്യാ സ്ലിപ്പുകൾ, സംഖ്യാകേളി, സംഖ്യാ മാല, പദസൂര്യൻ ഇവയുടെ നിർമ്മാണം.ചതുരം, സമചതുരം, വൃത്തം, ത്രികോണം, ഗണിതശാസ്ത്രജ്ഞന്മാർ, അവരുടെ സംഭാവനകൾ.

സെമിനാർ, ഉപന്യാസ രചന, ക്വിസ്സ് ഗണിതോത്സവം, എന്നിവ സംഘടിപ്പിക്കുന്നു.

| മാസം | പ്രവർത്തനം | ക്ലാസ്സ് | ചെലവ് |
|---|---|---|---|
| June- July | · ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ, വർക്ക് ഷീറ്റുകൾ നിർമ്മാണം, വിലവിവര പട്ടിക പ്രദർശനം തുല്യമായി പങ്കുവെയ്ക്കൽ, ക്വിസ് മത്സരം | VI, VII | 150 Rs. |
| August-September | മട്ടകോണിന്റെയും, മട്ടങ്ങളുടെയും ഉപയോഗങ്ങൾ മനസ്സിലാക്കൽ, കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ പരിചയപ്പെടൽ, സംഖ്യാ ചാർട്ടുകൾ പരിചയപ്പെടൽ | Vi, VII | 100 Rs. |
| October November | Puzzlc നിർമ്മാണം, ഗണിതകേളി കടയിൽ നിന്ന് സാധനങ്ങൾ വാങ്ങി കൂട്ടാനും കുറയ്ക്കാനുമുള്ള പരിശീലനം, ക്വിസ് മത്സരം | VI, VII | 100 Rs. |
| December | വർക്ക്ഷീറ്റ് നിർമ്മിച്ച് പതിപ്പ് | VI, VII | 150 Rs. |

| | | | |
|---|---|---|---|
| January | തയ്യാറാക്കുന്നു. ഗണിത ശാസ്ത്രജ്ഞൻമാർ, അവരുടെ സംഭാവനകൾ, ക്വിസ് മത്സരം | | |
| February March | ഗണിതകേളി ക്ലാസ് തലം, ശില്പശാല, ഗണിതഗാനം, സെമിനാർ ഉപന്യാസ രചന, ഗണിതോത്സവം, പ്രശസ്ത ഗണിത ശാസ്ത്രജ്ഞൻ അവരുടെ സാഭാവനകൾ | VI, VII | 150 Rs. |

# അടിസ്ഥാനശാസ്ത്രം

## ലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്ര ബോധം ശാസ്ത്രീയമായ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.
4. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
5. ആധുനിക സൗകര്യങ്ങളോടെ ലാബ് വികസിപ്പിക്കുക.
6. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
7. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

| മേഖല | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|
| ശാസ്ത്ര ശില്പശാല | • ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ സംഘടിപ്പിക്കൽ | ഒരോ ടേമിലും | | |
| പരീക്ഷണക്കുറിപ്പ് | • പരീക്ഷണക്കുറിപ്പ് : പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | | |
| പരീക്ഷണ കിറ്റ് | • പരീക്ഷണ കിറ്റ്: മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | | | |
| ലാബ് ശാക്തീകരണം | • ശാസ്ത്ര പഠനത്തിന് കൂടുതൽ സഹായകമാകുന്ന തരത്തിൽ ആധുനിക ശാസ്ത്ര ലാബ് ഒരുക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | 25000/- | |
| ഫീൽഡ് ട്രിപ്പുകൾ | • തന്റെ ചുറ്റുപാടിനെ അറിയുന്നതിനായി കൃഷിസ്ഥലം, കുളം, വയൽ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, ഫീൽഡ് ട്രിപ്പ് | രണ്ട് വർഷത്തിനുള്ളിൽ | | |
| | | ഒരോ ടേമിലും | | |

| | | | | |
|---|---|---|---|---|
| ജൈവ വൈവിധ്യ ഉദ്യാനം | • ജൈവ വൈവിധ്യങ്ങളുടെ കലവറയാണ് നമ്മുടെ ചുറ്റുപാടിലെ സസ്യങ്ങൾ അവയുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിനും സഹായകമാകുന്ന രീതിയിൽ ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കൽ | ജൂൺ | | |
| പ്രതിഭാ പോഷണം | • പുത്തൻ ശാസ്ത്ര അറിവുകൾ മനസ്സിലാക്കുന്നതിനായി ശാസ്ത്ര പ്രതിഭകളുമായി അഭിമുഖം, സംവാദം, ക്യാമ്പ് തുടങ്ങിയവ ഒരുക്കൽ | ഓരോ ടേമിലും | | |
| പൊതുവിജ്ഞാനം | • ശാസ്ത്ര അറിവുകൾ കൈവരിക്കുന്നതിന് ശാസ്ത്ര മാഗസിനുകൾ വായന, ശാസ്ത്ര ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | | |
| കമ്പോസ്റ്റ് പിറ്റ്/ബയോഗ്യാസ് പ്ലാന്റ് | • ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും വേർതിരിച്ച് സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനം ഒരുക്കൽ | രണ്ട് വർഷത്തിനുള്ളിൽ | 50000/- | |

# സാമൂഹ്യശാസ്ത്ര പഠനം- പ്രശ്നങ്ങൾ

## അക്കാദമികം

1. 1 മുതൽ 7 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.
2. എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.
3. വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രയോഗിക പ്രശ്നങ്ങളുണ്ട്.
4. പരിശീലന പഠനപ്രക്രിയ വൈവിധ്യമാക്കുന്നതിനും ശാസ്ത്രീയമാക്കുന്നതിനും സാധിക്കുന്നില്ല.

## ഭൗതികം

1. ക്ലാസ്മുറികൾ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിന് അനുയോജ്യമായ തരത്തിലുള്ളതല്ല.
2. I.C.T അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യങ്ങളില്ല.
3. ക്ലാസ് ലൈബ്രറികളില്ല.

## പൊതുലക്ഷ്യങ്ങൾ

- സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യശാസ്ത്ര വിശകലനശേഷി എന്നിവ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- സാമൂഹ്യശാസ്ത്ര പഠനത്തിൽ I.C.T സാധ്യത പ്രയോജനപ്പെടുത്തുക.
- പഠനം കൂടുതൽ തനിമയുള്ളതാക്കുക.
- സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
- ശരിയായ മൂല്യങ്ങളും, മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യബോധം വികസിപ്പിക്കൽ, ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.
- അർത്ഥ പൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.
- പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുന്നു.

- പ്രാചീന-മധ്യ-ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ അറിതിരിക്കുന്നു.
- പ്രദേശിക ചരിത്രാവബോധം വളർത്തുക
- പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാകകുന്നു.
- ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

<u>സാമൂഹികം</u>

1. പ്രദേശിക വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
2. പ്രദേശിക വിവരശേഖരണം നടത്തിയിട്ടില്ല.

<u>പ്രവർത്തന പദ്ധതി വിശകലനം</u>

(പരിഹാര പ്രവർത്തനങ്ങൾ- വിശദാംശങ്ങൾ)
പദ്ധതികൾ-പ്രവർത്തനങ്ങൾ-കാലദൈർഘ്യം-ലക്ഷ്യം

- സാമൂഹ്യശാസ്ത്ര ലാബ് സജ്ജമാക്കൽ.
- സാമൂഹ്യശാസ്ത്രധ്യാപകരുടെ കൂട്ടായ്മയിൽ സ്കൂളിലെ പര്യാപതമായ പഠനാനുഭവങ്ങളുടെയും, പഠന സംവിധാനങ്ങളുടെയും കുറവ് ചർച്ച ചെയ്യുന്നു.
- SRG മീറ്റിംഗ്, മേഖല, ഉപമേഖല തിരിക്കൽ, S.S.lab രൂപീകരണം (pretest, quiz competition വഴി)
- പ്രവർത്തന പാക്കേജ് തയ്യാറാക്കൽ
- Local resource ഉപയോഗിക്കൽ.
- I.C.T യിലൂടെ ഉചിതമായ ക്ലാസുകൾ നിരീക്ഷണ വിധേയമാക്കൽ
- I.C.T സാധ്യതയോടുകൂടി S.S.lab എന്ന സംരംഭം വിദ്യാലയ വികസന സമിതിയിൽ അവതരിപ്പിക്കൽ, സ്പോൺസർമാരെ കണ്ടെത്തൽ.
- ലാബിനുവേണ്ടി മാനേജർക്കു നിവേദനം നൽകൽ, അവശ്യഫണ്ട്, പ്രവർത്തന കാലാവധി, സാമൂഹിക പിന്തുണ എന്നിവ ചർച്ച ചെയ്യൽ
- ലാബിൽ ഉണ്ടാകേണ്ട വിവരങ്ങൾ ലിസ്റ്റ് ചെയ്യൽ(ശേഖരിക്കേണ്ടവ, നിർമിക്കേണ്ടവ, വാങ്ങേണ്ടവ)
- പഴയ കാല ഉപകരണങ്ങളും, നിർമ്മാണത്തിനാവശ്യമായ ചെലവു കുറഞ്ഞ ഉല്പന്നങ്ങളും ശേഖരിക്കൽ. (പഴയ നാണയങ്ങൾ, കറൻസികൾ,എന്നിവ ശേഖരിക്കൽ)
- പ്രാദേശിക പത്രം, പ്രദേശിക വാർത്തകൾ ശേഖരിച്ച് ആഴ്ചയിൽ ഒരു പത്രം രൂപപ്പെടുത്തൽ.
- സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ചിട്ടപ്പെടുത്തൽ.

I.C.T പ്രവർത്തന മാതൃകകൾ

- I.C.T വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കണം എന്ന് SRG യിൽ ചർച്ച, try out, കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സാമൂഹ്യശാസ്ത്രറൂം സജ്ജീകരിക്കൽ.
- Field trip പ്രകൃതിക്ഷോഭമുണ്ടായ സ്ഥലങ്ങൾ സന്ദർശിക്കൽ, ദുരന്തങ്ങൾ ഉണ്ടായ പ്രദേശങ്ങളുടെ C.D പ്രദർശനം, മുൻകാലങ്ങളിലെ ഗ്രാമീണ സന്ദർശനങ്ങൾ.

## ചിത്രപ്രദർശനം

ക്ഷേത്രോത്സവങ്ങൾ, ആഘോഷപൂർവ്വം കൊണ്ടാടുന്ന വിവിധ മതങ്ങളുടെ കൂട്ടായ്മ, സന്ദർശനം, ക്രിസ്മസ് ആഘോഷിക്കുന്ന എല്ലാ മതക്കാരുടേയും ചിത്രങ്ങൾ, Skit, നാടകങ്ങൾ, കഥകൾ, കുട്ടികളുടെ രചന, ചരിത്രകാരൻമാരുടെ ചിത്രങ്ങൾ, മഹത് വചനങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

## ഡോക്യുമെന്ററി പ്രദർശനം

- സമൂഹത്തിനായി പ്രവർത്തിച്ച വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം സ്കൂളും, ക്ലാസും, പരിസരവും പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കാൻ പരിസ്ഥിതി സൗഹൃദ വസ്തുക്കളുടെ ശേഖരണം, പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കളുടെ നിർമാണം, പ്രബന്ധങ്ങൾ തയ്യാറാക്കി അവതരിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി- വായനശാല സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സാമൂഹ്യശാസ്ത്രവുമായി ബന്ധമുള്ള പുസ്തകങ്ങളുടെ ശേഖരണം, ഭവനങ്ങളിൽ നിന്ന് പുസ്തക ശേഖരണം, ജന്മദിനത്തിൽ സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ, ഭൂപടങ്ങൾ എന്നിവ നൽകൽ, ശേഖരിക്കൽ, അറ്റ്ലസ്, ഗ്ലോബുകൾ എന്നിവ ആകർഷകമായ രീതിയിൽ ക്രമീകരിക്കൽ.
- സാമൂഹ്യശാസ്ത്ര മൂലയിൽ മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ, ആശയങ്ങൾ ചിത്രങ്ങളിലൂടെയും, മോഡലുകളിലൂടെയും ശ്രദ്ധയിൽപെപടുത്തൽ.
- I.C.T സാധ്യത ഉപയോഗിച്ച് പഠനം ആകർഷകമാക്കൽ ഒഴിവുദിനങ്ങളിൽ പഠനോത്സവം സംഘടിപ്പിക്കൽ.
- ലഹരി വിരുദ്ധ മനോഭാവം, മദ്യ, പുകയില, മയക്കുമരുന്ന്, ലഹരി പദാർഥങ്ങൾ എന്നിവയുടെ ഉപപയോഗം പുതുതലമുറയുടെ ആരോഗ്യം തകർക്കുന്നു എന്ന തിരിച്ചറിവ് കുട്ടികൾക്ക്

## മോണിറ്ററിംഗ്

ജനപ്രതിനിധി, പ്രാദേശിക പ്രതിനിധി,ചെയർമാൻ ,കൺവീനർ, അധ്യാപക പ്രതിനിധികൾ എന്നിവരടങ്ങുന്ന മോണിറ്ററിംഗ് സമിതി ഓരോ ഘട്ടത്തിലും മോണിറ്ററിംഗ് നടത്തി ആവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

# ഉപസംഹാരം

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ച് വിദ്യാലയത്തെ മാറ്റിയെടുക്കുവാൻ അക്കാദമിക 'മികവിലൂടെ വിദ്യാലയ മികവ്' എന്ന ആശയം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഒരുക്കിയിരിക്കുന്നത്.

എല്ലാ കുട്ടികളുടെയും സർവ്വതോൻമുഖമായ വികാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു സ്വന്തം കഴിവുകൾ കണ്ടെത്തുന്നതിനും ഉയർന്ന തലത്തിലേക്ക് എത്തുവാനും പരിമിതികൾ മറികടക്കാനും കുട്ടികൾക്ക് കഴിയുന്നതോടൊപ്പം പാരിസ്ഥിതിക അവബോധവും ആർജിക്കുവാനും ഓരോ കുട്ടിയും പര്യാപ്തമാകേണ്ടതാണ് വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികളും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കൈവരിക്കുക എന്നതാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമാക്കുന്നത്.....